കേരള സർക്കാർ

നം-എ.സി. 2/ 223/ 2015-തസ്വഭവ.

തദ്ദേശസ്വയംഭരണ (എ.സി) വകുപ്പ്,
തിരുവനന്തപുരം, തീയതി: 18.8.2018

## സർക്കുലർ

വിഷയം - പഞ്ചായത്തുകളിലെ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കരാറുകളുടെ ലംഘനമുണ്ടായാൽ നിലവിലുള്ള ചട്ടപ്രകാരം സ്വീകരിക്കേണ്ടുന്ന നടപടികൾ-സംബന്ധിച്ച്

പരാമർശം - (1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14) 22ാമത് റിപ്പോർട്ട് ഖണ്ഡിക 1.6 ലെ ശുപാർശ

(2) ചീഫ് എൻജിനീയറുടെ 29/ 05/ 2018 - ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ ഡിബി. 1/ 2892/ 14/ സി.ഇ /തസ്വഭവ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പണികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കരാറുകളുടെ ലംഘനം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അത്തരം കരാർ ലംഘനങ്ങൾ മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായും സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിന് തടസ്സം നേരിടുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാർ ലംഘനങ്ങൾ ഉണ്ടാകുന്ന പക്ഷം സത്വര നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതും പദ്ധതിപ്രവർത്തനങ്ങൾ തടസ്സം കൂടാതെ മുന്നോട്ട് കൊണ്ടുപോകേണ്ടതും ആണ്. ആയതിനാൽ കരാർ ലംഘനം ഉണ്ടാകുമ്പോൾ നിലവിലുള്ള ചട്ടപ്രകാരം സ്വീകരിക്കേണ്ടുന്ന നടപടികൾ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. കരാറുടമ്പടി വച്ച് 10 ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലം ഏറ്റുവാങ്ങേണ്ടതും, സ്ഥലം ഏറ്റുവാങ്ങിയാലുടൻ പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തിയാൽ കരാറുകാരന്റെ നഷ്ടോത്തരവാദത്തിൽ മറ്റൊരു കരാറുകാരനെ കൊണ്ട് റീ ടെണ്ടറിലൂടെ പ്രവൃത്തി ചെയ്യിക്കാവുന്നതാണ്.

2. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ, നിശ്ചിത കാലാവധിയുടെ 25% സമയം അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ്, ആയത് അനുവദിക്കാവുന്നതാണ്. ഒരു പ്രവൃത്തിക്ക് അനുവദിക്കാവുന്ന പരമാവധി അധിക പൂർത്തീകരണ കാലാവധി ആ പ്രവൃത്തിയുടെ അനുവദനീയ കാലാവധിയുടെ പകുതി മാത്രമായിരിക്കും. കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി

പൂർത്തിയാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം പിഴയോടുകൂടി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ആദ്യത്തെ മൂന്ന് മാസം വരെ കരാർ തുകയുടെ 1% (1000 രൂപയിൽ കുറയാതെയും 50,000/- രൂപയിൽ കവിയാതെയും) പിഴ ചുമത്താവുന്നതും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% (2000 രൂപയിൽ കുറയാതെയും 1,00,000/- രൂപയിൽ കവിയാതെയും) പിഴ ചുമത്താവുന്നതും ആണ്. കരാർ കാലാവധി നീട്ടിക്കൊടുക്കുമ്പോഴും അധിക ജോലി ചെയ്യേണ്ടി വരുമ്പോഴും അനുബന്ധ കരാർ (supplementary agreement) വയ്ക്കേണ്ടതാണ്.

3. ഗ്യാരണ്ടി പിരിയഡിനുള്ളിൽ സംഭവിക്കുന്ന എല്ലാ തകരാറുകളും കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ പരിഹരിക്കേണ്ടതാണ്. ഇതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ പ്രവൃത്തിയുടെ തകരാറുകൾ മറ്റൊരു കരാറുകാരനെ കൊണ്ട് പരിഹരിക്കാവുന്നതും ആയതിന് വേണ്ടി വരുന്ന ചെലവ് കരാറുകാരന്റെ ജാമ്യ നിക്ഷേപത്തിൽ നിന്ന് വസൂലാക്കാവുന്നതുമാണ്

4. കരാറുടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് അയച്ച് പതിനാല് ദിവസങ്ങൾക്ക് ശേഷം കരാർ റദ്ദാക്കാവുന്നതും മറ്റൊരു കരാറുകാരൻ വഴി പ്രവൃത്തി പൂർത്തിയാക്കാവുന്നതുമാണ്. അങ്ങനെ ചെയ്യുമ്പോൾ ഉണ്ടാകുന്ന അധിക ചെലവ് മുഴുവൻ കരാറുകാരന്റെ ബിൽ തുകയിൽ നിന്നും, ജാമ്യ നിക്ഷേപത്തിൽ നിന്നും, സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും വസൂലാക്കാവുന്നതാണ്. ഇപ്രകാരം വീഴ്ച വരുത്തുന്ന കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്യേണ്ടതും കുറഞ്ഞത് 5 വർഷത്തേക്ക് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്. ടി കരാറുകാരന്റെ ലൈസൻസ് പ്രസ്തുത കാലയളവിൽ പുതുക്കി നൽകാൻ പാടുള്ളതല്ല

5. ഒരു കരാറുകാരൻ ഏറ്റെടുക്കുന്ന പ്രവൃത്തി മുഴുവനായോ, ഭാഗികമായോ അദ്ദേഹം തന്നെ മറ്റൊരു കരാറുകാരന് കൈമാറാൻ പാടുള്ളതല്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ ടിയാനുമായുള്ള കരാറുടമ്പടി ദുർബലപ്പെടുകയും, ജാമ്യ നിക്ഷേപവും കരാറുകാരൻ കൊടുക്കാനുള്ള ബിൽ തുകയും, പ്രവൃത്തി സ്ഥലത്ത് സംഭരിച്ചിട്ടുള്ള സാധനങ്ങളുടെ വിലയും പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷന് മുതൽക്കൂട്ടാവുന്നതുമാണ്.

6. തൃപ്തികരമല്ലെന്ന് കാണുന്ന പ്രവൃത്തിയോ അല്ലെങ്കിൽ ഗുണനിലവാരമില്ലാത്ത സാധനങ്ങൾ ഉപയോഗിച്ച് കൊണ്ടുള്ള പ്രവൃത്തിയോ തദ്ദേശസ്വയംഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന രീതിയിൽ പൊളിച്ച് മാറ്റി, ഗുണനിലവാരമുള്ള സാധനങ്ങൾ ഉപയോഗിച്ച് കൊണ്ട് കരാറുടമ്പടിയിൽ നിഷ്കർഷിക്കുന്ന രൂപത്തിലും ഘടനയിലും പുനർനിർമ്മിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണ്. അല്ലാത്ത പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ യുക്തം പോലെ പിഴ ചുമത്താവുന്നതും കരാറുകാറന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരു കരാറുകാരനെ കൊണ്ട് പുനർനിർമ്മിക്കാവുന്നതുമാണ്.

7. നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളിൽ വേണ്ടി വരുന്ന ഗുണമേന്മ/അളവ്, പരിശോധനയിൽ ആവശ്യമായി വരുന്ന excavation, sampling, കനം എന്നിവ പരിശോധിക്കുന്നതിനും പൂർവ്വസ്ഥിതിയിലാക്കുന്നതിനുമുള്ള പ്രവൃത്തി കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ നടപ്പിലാക്കുന്നതാണ്.

**ടി കെ ജോസ്. ഐ എ എസ്**

ഗവണ്മെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
നഗരകാര്യ ഡയറക്ടർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ല പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട് ,തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ് , തിരുവനന്തപുരം
(സർക്കാരിന്റെ ഔദ്യോഗിക വെ ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ